# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 17-01-2026** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1. രാജ്യത്തെ പ്രഥമ വന്ദേ ഭാരത് സ്ലീപ്പർ ട്രെയിൻ പ്രധാനമന്ത്രി നരേന്ദ്ര മോദി അല്പസമയത്തിനകം ഫ്ലാഗ് ഓഫ് ചെയ്യും.

**Prime Minister Narendra Modi will shortly flag off the country's first Vande Bharat sleeper train.**

2. നിർമ്മിത ബുദ്ധി, നിർണായക ധാതുക്കൾ എന്നിവയിൽ ഉഭയകക്ഷി സഹകരണം വർദ്ധിപ്പിക്കാനൊരുങ്ങി ഇന്ത്യയും ജപ്പാനും.

**India and Japan to push bilateral cooperation in the sector of Artificial Intelligence and critical minerals.**

3. ഇറാനിൽ നിന്ന് ഒരു സംഘം ഇന്ത്യൻ പൗരന്മാർ ന്യൂഡൽഹിയിൽ എത്തി. പൗരന്മാരുടെ ക്ഷേമം ഉറപ്പാക്കാൻ പ്രതിജ്ഞാബദ്ധമെന്ന് വിദേശകാര്യ മന്ത്രാലയം.

**Several Indian Nationals have arrived in New Delhi late last night from Iran. Ministry of External Affairs reaffirming its commitment to safeguarding their well-being.**

4. ഛത്തീസ്ഗഢിലെ ബിജാപൂരിൽ സുരക്ഷാ സേനയുമായുണ്ടായ ഏറ്റുമുട്ടലിൽ രണ്ട് മാവോയിസ്റ്റുകൾ കൊല്ലപ്പെട്ടു.

**Two Maoists killed in an encounter with security forces in Bijapur district of Chhattisgarh.**

5. 64-ാമത് സംസ്ഥാന സ്കൂൾ കലോത്സവത്തിൽ മുന്നേറ്റം തുടർന്ന് കണ്ണൂർ ജില്ല. തൊട്ടുപിന്നിൽ കോഴിക്കോട്.

**Kannur district continues to lead at the 64th State School Arts Festival, with Kozhikode close behind.**

6. വനിതാ പ്രീമിയർ ലീഗ് ട്വന്റി 20 ക്രിക്കറ്റിൽ ഇന്ന് യുപി - മുംബൈ പോരാട്ടം. രണ്ടാം മത്സരത്തിൽ ഡൽഹി - ബംഗളൂരുവിനെ നേരിടും.

**In the Women's Premier League T-20 cricket today, UP will take on Mumbai. In the second match, Delhi to face Bengaluru.**

&&&&&&&&&&&&&&&&&

**HEADLINE-1**

**PM - VANDE BHARAT SLEEPER (INTRO)**

*ഇന്ത്യയിലെ പ്രഥമ വന്ദേ ഭാരത് സ്ലീപ്പർ ട്രെയിൻ മാൾഡ ടൗൺ റെയിൽവേ സ്റ്റേഷനിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി അല്പസമയത്തിനകം ഫ്ലാഗ് ഓഫ് ചെയ്യും. ഹൗറയ്ക്കും ഗുവാഹത്തിക്കും ഇടയിലാണ് വന്ദേ ഭാരത് സ്ലീപ്പർ ട്രെയിൻ സർവ്വീസ് നടത്തുന്നത്.*

*വിശദാംശങ്ങളിലേക്ക്......*

*(ഹോൾഡ് വോയ്സ്.....)*

*സാധാരണ യാത്രക്കാർക്ക് വേഗതയേറിയതും സുരക്ഷിതവും കൂടുതൽ സുഖകരവുമാകുന്ന ദീർഘദൂര ട്രെയിൻ യാത്ര ഉറപ്പാക്കാൻ വന്ദേ ഭാരത് എക്സ്പ്രസ് സ്ലീപ്പർ സർവീസിലൂടെ സാധിക്കും. ഹൗറ-ഗുവാഹത്തി റൂട്ട് രാജ്യത്തെ ഏറ്റവും പ്രധാനപ്പെട്ട റെയിൽ ഇടനാഴികളിൽ ഒന്നാണ് ഇത്. 16 ആധുനിക കോച്ചുകൾ ഉൾപ്പെടുന്ന സ്ലീപ്പർ ട്രെയിനിൽ 823 യാത്രക്കാരെ ഉൾക്കൊള്ളാൻ സാധിക്കും. കാളിഘട്ട് ക്ഷേത്രം, കാമാഖ്യ ദേവി ക്ഷേത്രം തുടങ്ങിയ പ്രധാന തീർത്ഥാടന കേന്ദ്രങ്ങളിലേക്കുള്ള സന്ദർശനങ്ങൾ കൂടുതൽ സൗകര്യപ്രദവുമാകും. പശ്ചിമ ബംഗാളിലെ നാല് പ്രധാന റെയിൽവേ പദ്ധതികൾക്കും പ്രധാനമന്ത്രി തറക്കല്ലിടും. മാൾഡയിൽ നാല് പുതിയ അമൃത് ഭാരത് എക്സ്പ്രസ് ട്രെയിനുകളും ശ്രീ മോദി വെർച്വലായി ഫ്ലാഗ് ഓഫ് ചെയ്യും.*

*ന്യൂസ് ഡസ്ക് ആകാശവാണി....*

&&&&&&&&&&&&&&&&&&

**PM-ASSAM**

രണ്ട് ദിവസത്തെ സന്ദർശനത്തിനായി പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് അസമിലെത്തും. ഇന്ന് വൈകിട്ട് ഗുവാഹത്തിയിൽ നടക്കുന്ന പരമ്പരാഗത ബോഡോ സാംസ്കാരിക പരിപാടിയിൽ പ്രധാനമന്ത്രി പങ്കെടുക്കും. നാളെ നാഗോൺ ജില്ലയിലെ കാലിയാബോറിൽ 6,950 കോടി രൂപയിലധികം ചെലവ് വരുന്ന കാസിരംഗ എലവേറ്റഡ് കോറിഡോർ പദ്ധതിക്ക് അദ്ദേഹം തറക്കല്ലിടും. തുടർന്ന് ഗുവാഹത്തി-റോഹ്തക്, ദിബ്രുഗഢ്-ലഖ്നൗ അമൃത് ഭാരത് എക്സ്പ്രസ് ട്രെയിനുകളുടെ ഫ്ലാഗ് ഓഫും ശ്രീ മോദി നിർവഹിക്കും.

&&&&&&&&&&&&&&&&&&

**HEADLINE-2**

**INDIA – JAPAN (INTRO)**

*നിർമ്മിത ബുദ്ധി, നിർണായക ധാതുക്കൾ എന്നിവയിൽ ഉഭയകക്ഷി സഹകരണം വർദ്ധിപ്പിക്കുന്നതിന് നടപടി ആരംഭിച്ച് ഇന്ത്യയും ജപ്പാനും. പുതിയ ലോകക്രമം രൂപപ്പെടുത്തുന്നതിനും അന്താരാഷ്ട്ര സമ്പദ്‌വ്യവസ്ഥയുടെ അപകടസാധ്യതകൾ കുറയ്ക്കുന്നതിനും ഇന്ത്യയും*

***ജപ്പാനും വലിയ സാധ്യതകളാണ് ഉള്ളതെന്ന് ഇന്ത്യ - ജപ്പാൻ പതിനെട്ടാമത് നയതന്ത്ര ചർച്ചയിൽ പങ്കെടുത്തുകൊണ്ട് വിദേശകാര്യ മന്ത്രി എസ്. ജയശങ്കർ പറഞ്ഞു.***

***(വോയിസ് - എസ്. ജയശങ്കർ)***

***ജപ്പാൻ വിദേശകാര്യ മന്ത്രി തോഷിമിത്സു മൊട്ടേഗിയും പങ്കെടുത്ത യോഗത്തിൽ നിർമ്മിത ബുദ്ധി സംബന്ധിച്ച സംവാദവും നടന്നു. നിർണ്ണായക ധാതുക്കളുമായി ബന്ധപ്പെട്ട് സംയുക്ത പ്രവർത്തന സമിതി രൂപീകരിക്കാനും യോഗം തീരുമാനിച്ചു.***

&&&&&&&&&&&&&&&&&

## HEADLINE-3

### IRAN – INDIAN CITIZEN

പ്രാദേശിക സംഘർഷങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഇറാനിൽ നിന്ന് നിരവധി ഇന്ത്യൻ പൗരന്മാർ ഇന്നലെ രാത്രിയോടെ ന്യൂഡൽഹിയിൽ എത്തി. സുരക്ഷാ സാഹചര്യം കണക്കിലെടുത്ത് ഇറാനിലുള്ള പൗരന്മാരോട് രാജ്യം വിടാൻ വിദേശകാര്യ മന്ത്രാലയം നിർദ്ദേശം നൽകിയിരുന്നു. സ്ഥിതിഗതികൾ സൂക്ഷ്മമായി നിരീക്ഷിക്കുന്നുണ്ടെന്നും ഇന്ത്യൻ പൗരന്മാരുടെ ക്ഷേമം ഉറപ്പാക്കാൻ പ്രതിജ്ഞാബദ്ധമാണെന്നും മന്ത്രാലയം അറിയിച്ചു.

&&&&&&&&&&&&&&&&&

### IRAN PROTEST

ഇറാനിൽ ഭരണകൂട വിരുദ്ധ പ്രക്ഷോഭങ്ങൾക്കിടെ കൊല്ലപ്പെട്ടവരുടെ എണ്ണം 3,000 കവിഞ്ഞു. ടെഹ്‌റാനിലെ തെരുവുകൾ നിലവിൽ ശാന്തമായിട്ടുണ്ടെണ്ടെങ്കിലും ഇന്റർനെറ്റ് സേവനങ്ങൾ ഉൾപ്പടെ വിച്ഛേദിക്കപ്പെട്ടിരിക്കുകയാണ്. കസ്റ്റഡിയിലെടുത്ത പ്രതിഷേധക്കാരുടെ വധശിക്ഷകൾ റദ്ദാക്കിയതിന് യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപ് ഇറാൻ നേതാക്കൾക്ക് നന്ദി പറഞ്ഞു. അതേസമയം, പ്രതിഷേധം

തുടരണമെന്നും ഭരണകൂടം വീണാൽ ഇറാനിലേക്ക് മടങ്ങുമെന്നും നാടുകടത്തപ്പെട്ട കിരീടാവകാശി റെസ പഹ്ലവി അറിയിച്ചു.

&&&&&&&&&&&&&&&&&&

## AL FALAH UNIVERSITY CASE -ED

ഹരിയാന ആസ്ഥാനമായുള്ള അൽ ഫലാഹ് സർവകലാശാലയുടെ മാനേജിംഗ് ട്രസ്റ്റിയും ചാൻസലറുമായ ജവാദ് അഹമ്മദ് സിദ്ദിഖി ഉൾപ്പെടെയുള്ളവർക്കെതിരെ കള്ളപ്പണം വെളുപ്പിക്കൽ തടയൽ നിയമപ്രകാരം എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് കുറ്റപത്രം സമർപ്പിച്ചു. അൽ-ഫലാഹിന്റെ വിവിധ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ടാണ് കുറ്റപത്രം സമർപ്പിച്ചത്. ഡൽഹിയിലെ ചുവപ്പുകോട്ടയ്ക്ക് സമീപം നടന്ന സ്ഫോടനത്തെത്തുടർന്ന് ഡൽഹി പോലീസ് രജിസ്റ്റർ ചെയ്ത എഫ്ഐആറുകളുടെ അടിസ്ഥാനത്തിലാണ് അന്വേഷണം. 140 കോടി രൂപയുടെ സ്വത്തുക്കൾ താൽക്കാലികമായി കണ്ടുകെട്ടിയതായും ഇഡി പ്രസ്താവനയിൽ അറിയിച്ചു.

&&&&&&&&&&&&&&&&&&

## DELHI TRAFFIC ADVISORY

റിപ്പബ്ലിക് ദിന പരേഡ് റിഹേഴ്സലിനോട് അനുബന്ധിച്ച് ഡൽഹിയിൽ ഇന്നും ഈ മാസം 19, 20, 21 തീയതികളിലും ഗതാഗത നിയന്ത്രണം ഏർപ്പെടുത്തി. രാവിലെ 10:15 മുതൽ ഉച്ചയ്ക്ക് 12:30 വരെയാണ് നിയന്ത്രണം. കർത്തവ്യ പഥുമായി ബന്ധിപ്പിക്കുന്ന പ്രധാനറോഡുകളിലാണ് നിയന്ത്രണം.

&&&&&&&&&&&&&&&&&&

## PARLIAMENT

പാർലമെന്റിന്റെ ബജറ്റ് സമ്മേളനം ഈ മാസം 28-ന് ആരംഭിക്കും. രാഷ്ട്രപതി ദ്രൗപദി മുർമുവിന്റെ നയപ്രഖ്യാപന പ്രസംഗത്തോടെയാണ് സമ്മേളനത്തിന് തുടക്കമാവുക. ഫെബ്രുവരി ഒന്നിനാണ് കേന്ദ്ര ബജറ്റ്. ബജറ്റിന് മുന്നോടിയായുള്ള സാമ്പത്തിക സർവേ ഈ മാസം 29-ന് പാർലമെൻറിൽ സമർപ്പിക്കും.

&&&&&&&&&&&&&&&&&&

**PM + VP – MG RAMACHANDRAN**

തമിഴ്നാട് മുൻ മുഖ്യമന്ത്രിയും നടനുമായ എം ജി രാമചന്ദ്രന്റെ ജന്മവാർഷികത്തിൽ ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ, പ്രധാനമന്ത്രി നരേന്ദ്രമോദി എന്നിവർ ശ്രദ്ധാഞ്ജലി അർപ്പിച്ചു. തമിഴ്നാട്ടിലെ ദരിദ്രരുടെയും പാർശ്വവൽക്കരിക്കപ്പെട്ടവരുടെയും ക്ഷേമ പ്രവർത്തനങ്ങളിലൂടെ സാമൂഹിക, രാഷ്ട്രീയ രംഗത്ത് ശാശ്വതമായ മുദ്ര പതിപ്പിച്ച നേതാവാണ് എം ജി രാമചന്ദ്രൻ എന്ന് ഉപരാഷ്ട്രപതി സാമൂഹ്യമാധ്യമത്തിൽ കുറിച്ചു. തമിഴ് സംസ്കാരത്തെ ജനപ്രിയമാക്കുന്നതിൽ എം ജി ആർ നൽകിയ സംഭാവനകൾ ഇന്നും ശ്രദ്ധേയമാണെന്ന് പ്രധാനമന്ത്രി സാമൂഹ്യമാധ്യമത്തിൽ അനുസ്മരിച്ചു.

&&&&&&&&&&&&&&&&&&

## HEADLINE-4

**CHHATTISGARH – MAOISTS KILLED**

ഛത്തീസ്ഗഢിലെ ബിജാപൂർ ജില്ലയിൽ സുരക്ഷാ സേനയുമായുണ്ടായ ഏറ്റുമുട്ടലിൽ രണ്ട് മാവോയിസ്റ്റുകൾ കൊല്ലപ്പെട്ടു. വടക്കുപടിഞ്ഞാറൻ മേഖലയിലെ വനത്തിൽ മാവോയിസ്റ്റുകളുടെ സാന്നിധ്യമുണ്ടെന്ന രഹസ്യവിവരത്തെത്തുടർന്ന് നടത്തിയ തെരച്ചിലിനിടെയാണ് ഏറ്റുമുട്ടൽ ഉണ്ടായത്. വെടിവയ്പ്പ് തുടരുകയാണ്. സംഭവസ്ഥലത്ത് നിന്ന് രണ്ട് മാവോയിസ്റ്റുകളുടെ മൃതദേഹങ്ങൾ കണ്ടെടുത്തു.

&&&&&&&&&&&&&&&&&&

**MANN KI BAAT**

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കു വയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത് ഈ മാസം 25 ന്. പരിപാടിയുടെ 130 -ാം പതിപ്പാണിത്. മൻ കി ബാത്തിലേക്കുള്ള ആശയങ്ങളും അഭിപ്രായങ്ങളും MyGov, NaMo App എന്നിവയിലൂടെയോ 1800-11-7800 എന്ന ടോൾ ഫ്രീ നമ്പറിലോ ഈ മാസം 23 വരെ അറിയിക്കാം.

&&&&&&&&&&&&&&&&&&

**ബ്രേക്ക്**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്....

(ബ്രേക്ക്)

&&&&&&&&&&&&&&&&&

**THRISSUR-GURUVAYUR TRAIN**

തൃശൂർ-ഗുരുവായൂർ റൂട്ടിൽ പുതിയ ട്രെയിൻ സർവീസ് അനുവദിച്ച് ഇന്ത്യൻ റെയിൽവേ. ഗുരുവായൂർ ക്ഷേത്രത്തിലേക്ക് ഉൾപ്പടെ എത്തുന്ന ആയിരക്കണക്കിന് യാത്രക്കാർക്ക് പുതിയ സർവീസ് ഏറെ പ്രയോജനപ്പെടും. ട്രെയിൻ അനുവദിച്ചതിന് പ്രധാനമന്ത്രി നരേന്ദ്രമോദിക്കും കേന്ദ്ര റയിൽവേമന്ത്രി അശ്വിനി വൈഷ്ണവിനും ബിജെപി സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ നന്ദി അറിയിച്ചു.

&&&&&&&&&&&&&&&&&

**SIR**

ലക്ഷദ്വീപ്, പുതുച്ചേരി, ഗോവ,രാജസ്ഥാൻ, പശ്ചിമ ബംഗാൾ എന്നിവിടങ്ങളിൽ SIR ന്റെ സമയപരിധി നീട്ടി കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ. വോട്ടർമാർക്ക് അവകാശവാദങ്ങളും എതിർപ്പുകളും ഈ മാസം 19 വരെ സമർപ്പിക്കാം.

&&&&&&&&&&&&&&&&&

**HEADLINE-5**

**SCHOOL FEST**

തൃശൂർ തേക്കിൻകാട് മൈതാനത്ത് നടക്കുന്ന 64-ാമത് സംസ്ഥാന സ്കൂൾ കലോത്സവം നാലാം ദിനത്തിലേക്ക് കടക്കുമ്പോൾ 741 പോയിന്റുകളുമായി കണ്ണൂർ ജില്ല മുന്നേറ്റം തുടരുന്നു. 728 പോയിന്റുമായി കോഴിക്കോട് ആണ് തൊട്ടു പിന്നിൽ. തൃശൂരും പാലക്കാടും 726 പോയിന്റുകളുമായി മൂന്നാംസ്ഥാനം പങ്കിടുന്നു.

&&&&&&&&&&&&&&&&&

## SABARIMALA

ശബരിമല ദർശനത്തിനായുള്ള സ്പോട്ട് ബുക്കിംഗ് കൗണ്ടറുകൾ തിങ്കളാഴ്ച വരെ പ്രവർത്തിക്കും. പമ്പ, നിലയ്ക്കൽ, എരുമേലി എന്നിവിടങ്ങളിലാണ് സ്പോട്ട് ബുക്കിംഗ് സൗകര്യമുള്ളത്. വെർച്വൽ ക്യൂ ബുക്കിംഗും തിങ്കളാഴ്ച വരെയുണ്ടാകും. മറ്റന്നാൾ വരെയാണ് തിരുവാഭരണം ചാർത്തിയുള്ള അയ്യപ്പദർശനം. മണ്ഡല, മകരവിളക്ക് മഹോത്സവത്തിന് സമാപനം കുറിച്ച് ഈ മാസം 20 നാണ് നട അടയ്ക്കുക.

&&&&&&&&&&&&&&&&&

## SREECHITHRA

ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് ആൻഡ് ടെക്നോളജിയിലെ കാർഡിയോളജി വിഭാഗത്തിന്റെ സുവർണ ജൂബിലി ആഘോഷം ഇന്ന് നടക്കും. ഡയറക്ടർ ഡോ. സഞ്ജയ് ബെഹാരി ഉദ്ഘാടനം ചെയ്യും. 1976-ൽ രണ്ടു പേരടങ്ങിയ അധ്യാപക സംഘത്തോടെയാണ് കാർഡിയോളജി വകുപ്പ് ആരംഭിച്ചത്.

&&&&&&&&&&&&&&&&&

## RAHUL MANKOOTTATHIL

ലൈംഗിക പീഡന കേസിൽ റിമാൻഡിൽ കഴിയുന്ന രാഹുൽ മാങ്കൂട്ടത്തിൽ എം.എൽ.എയുടെ ജാമ്യാപേക്ഷ തള്ളി തിരുവല്ല ജുഡീഷ്യൽ ഒന്നാം ക്ലാസ് മജിസ്ട്രേറ്റ് കോടതി. വെള്ളിയാഴ്ച ഹർജിയിൽ വാദം പൂർത്തിയായിരുന്നു. അതിജീവിതയുടെ വിവരങ്ങൾ പുറത്താകാതിരിക്കാൻ അടച്ചിട്ട കോടതിമുറിയിലാണ് വാദം കേട്ടത്.

&&&&&&&&&&&&&&&&&

## HEADLINE-6

## WPL

വനിതാ പ്രീമിയർ ലീഗ് ട്വന്റി 20 ക്രിക്കറ്റിൽ ഇന്ന് യുപി വാരിയേഴ്സ് മുംബൈ ഇന്ത്യൻസിനേയും ഡൽഹി ക്യാപിറ്റൽസ് റോയൽ ചലഞ്ചേഴ്സ് ബംഗളൂരുവിനെയും നേരിടും. ആദ്യ മത്സരം വൈകുന്നേരം മൂന്ന് മണിക്ക്

നവിമുംബൈയിലെ ഡി വൈ പാട്ടീൽ സ്റ്റേഡിയത്തിൽ നടക്കും. വൈകുന്നേരം 7.30നാണ് രണ്ടാം മത്സരം.

&&&&&&&&&&&&&&&&&&

## ANNOUNCEMENT

കോട്ടയം, എറണാകുളം ജില്ലകളിലേക്കും കേന്ദ്രഭരണ പ്രദേശമായ ലക്ഷദ്വീപിലേക്കും ആകാശവാണി പാർട്ട് ടൈം കറസ്പോണ്ടൻറിനെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷകർ ജില്ലാ ആസ്ഥാനത്ത് നിന്നും 10 കി.മീ ചുറ്റളവിൽ സ്ഥിരതാമസക്കാരായിരിക്കണം. കൂടുതൽ വിവരങ്ങൾക്ക് www.newson air.gov.in, prasarbharati.gov.in/pbvacancies എന്നിവ സന്ദർശിക്കുക. അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി ഈ മാസം 31.

&&&&&&&&&&&&&&&&&&

## GREENLAND – US TRADE TARIFF

ഡെൻമാർക്കിലെ സ്വയംഭരണ പ്രദേശമായ ഗ്രീൻലാൻഡ് ഏറ്റെടുക്കാനുള്ള യുഎസ് പദ്ധതിയെ എതിർക്കുന്ന രാജ്യങ്ങൾക്കുമേൽ വ്യാപാര തീരുവ ചുമത്തുമെന്ന് യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപ്. യുഎസിന്റെ ദേശീയ സുരക്ഷയ്ക്ക് ഗ്രീൻലാൻഡ് നിർണായകമാണെന്നും ആർട്ടിക് മേഖലയിൽ റഷ്യയുടെയും ചൈനയുടെയും വർദ്ധിച്ചുവരുന്ന സാന്നിധ്യത്തിൽ നിന്ന് യുഎസിനെ സംരക്ഷിക്കേണ്ടതുണ്ടെന്നും വൈറ്റ് ഹൗസിൽ നടന്ന യോഗത്തിൽ ട്രംപ് പറഞ്ഞു. അതേസമയം, ഗ്രീൻലാൻഡ് വിഷയത്തിൽ നിരവധി നാറ്റോ സഖ്യകക്ഷികൾ ഡെൻമാർക്കിന് പിന്തുണയുമായി എത്തിയിട്ടുണ്ട്.

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&

&&&&&&&

&&&&&&